പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 6-ാം തീയതി സമർപ്പിച്ചത്)

കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 6–ാം തീയതി സമർപ്പിച്ചത്)

കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ്
യൂണിയൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്

387/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 | .. | 10 |
| അനുബന്ധം 2 | .. | 12 |
| അനുബന്ധം 3 | .. | 14 |
| അനുബന്ധം 4 | .. | 16 |
| അനുബന്ധം 5 | .. | 21 |
| അനുബന്ധം 6 | .. | 32 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ ഡബ്ല്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്ന പ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ നടക്കുന്നില്ലെന്നും അതിനാൽ മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ട് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ വൈകാതെ നടത്തുന്നതിന് സഹായകമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് 16-7-2005-ൽ കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുമ്പാകെ നിവേദനം നൽകുകയുണ്ടായത്. നിവേദനം സമിതി പരിഗണനയ്ക്ക് എടുക്കുകയും ജലവിഭവവകുപ്പ് സെക്രട്ടറി, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, യൂണിയൻ പ്രതിനിധികൾ എന്നിവരിൽനിന്ന് പരാതിക്കാധാരമായ വിഷയത്തെ സംബന്ധിച്ച് 4-2-2009, 25-2-2013, 1-10-2013 എന്നീ തീയതികളിൽ തെളിവെടുപ്പുനടത്തുകയും ചെയ്തു. ചർച്ചാവേളകളിൽ സമിതിക്ക് ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഫെബ്രുവരി 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.

## റിപ്പോർട്ട്

1. സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ഡബ്ള്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്നപ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക എന്നിവ യിലേക്കുള്ള പ്രൊമോഷൻ നടക്കുന്നില്ലെന്നും അതിനാൽ മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ട് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ വൈകാതെ നടത്തുന്നതിന് സഹായകമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് 16-7-2005-ൽ കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുമ്പാകെ നിവേദനം നൽകിയത്. (അനുബന്ധം-1)

2. കേരള വാട്ടർ അതോറിറ്റിയിലെ ആകെ ജീവനക്കാരിൽ 25%-ത്തോളം അവിടത്തെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലിചെയ്യുന്ന ഓപ്പറേറ്റർമാരാണ്. ഇവരുടെ പ്രൊമോഷൻ തസ്തികകൾ ഓപ്പറേറ്റർ-ഹെഡ് ഓപ്പറേറ്റർ-മെക്കാനിക്കൽ സൂപ്രണ്ട്-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന രീതിയിലാണ്. മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രൊമോഷൻ നൽകുന്നുണ്ടായിരുന്നുവെങ്കിലും 1993-നു ശേഷം ഈ പരാതി സമിതിക്ക് നൽകുന്നതുവരെയും (അതായത് 2005 വരെയും) 4 ഹെഡ് ഓപ്പറേറ്റർമാരെ മാത്രമേ മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോട്ട് ചെയ്തിട്ടുള്ളൂവെന്നും അതിൽ ഒരാളെ മാത്രമേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോട്ട് ചെയ്തിട്ടുള്ളൂവെന്നും പറഞ്ഞിരിക്കുന്നു. 1993-ൽ പ്രൊമോഷൻ നൽകിയ 365 ഹെഡ് ഓപ്പറേറ്റർമാരിൽ റിട്ടയർചെയ്യാതെ നിലവിൽ 10 പേർ മാത്രമേയുള്ളൂവെന്നും 2004-ലെ ഉത്തരവ് അനുസരിച്ച് മൊത്തം ഓപ്പറേറ്റർമാരിൽ 20% ഹെഡ് ഓപ്പറേറ്റർമാർ ആയിരിക്കണ മെന്ന് ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ അനുപാതത്തിൽ 1/100 ഭാഗം പോലും ജീവനക്കാർ നിലവിൽ വാട്ടർ അതോറിറ്റിയിൽ ഹെഡ് ഓപ്പറേറ്ററായി ഇല്ലായെന്നും മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പ്രൊമോഷൻ തസ്തികകളിലും ഒരു ഓപ്പറേറ്ററും ഇല്ലായെന്നും 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 1000-ൽപ്പരം ഓപ്പറേറ്റർമാർ അതോറിറ്റിയിൽ ഉണ്ടെങ്കിലും അവരിൽ 50-ൽ താഴെപ്പേർ മാത്രമേ ഹെഡ് ഓപ്പറേറ്റർ തസ്തികയിലുള്ളൂവെന്നും പ്രസ്തുത പരാതിയിൽ പറഞ്ഞിരുന്നു. ആയതിനാൽ 2004-ലെ ഉത്തരവുപ്രകാരം 5 ഓപ്പറേറ്റർമാർക്ക് 1 ഹെഡ് ഓപ്പറേറ്റർ എന്ന നിലയിൽ ഹെഡ് ഓപ്പറേറ്ററായി സ്ഥാനക്കയറ്റവും 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ ഒഴിവും അതിനുമുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവും ഓപ്പറേറ്റർമാരിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി മുമ്പാകെ യൂണിയൻ അഭ്യർത്ഥിച്ചിരുന്നു.

3. യൂണിയൻ സമർപ്പിച്ച പരാതി 3-9-2005-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുക യുണ്ടായി. 1986-ലെ വാട്ടർ സപ്ലൈ ആന്റ് സിവറേജസ് ആക്റ്റ് നിലവിൽ വന്നശേഷം പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ് കേരള വാട്ടർ അതോറിറ്റി എന്ന പേരിൽ മാറിയത്. കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 1975-ലെ The Kerala Public Health Engineering Subordinate Service Special Rules-ഉം The Kerala Public

Health Engineering Service Special Rules-ഉം അനുസരിച്ചാണ് നിയമനവും പ്രൊമോഷനും നടത്തിവരുന്നതെന്നാണ് സമിതിക്ക് മനസ്സിലായത്. പ്രസ്തുത പരാതിയിൽ ജലവിഭവ വകുപ്പിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ഇതോടൊപ്പം 12-12-2007-ന് യൂണിയൻ സമർപ്പിച്ച മറ്റൊരു ഹർജികൂടി സമിതി വകുപ്പിന് അയച്ചുകൊടുത്തു. ആയതിൻപ്രകാരം പ്രസ്തുത വകുപ്പിൽനിന്നും 20-6-2008 തീയതിയായി ലഭിച്ച കത്തിനോടൊപ്പമുള്ള മറുപടി (അനുബന്ധം-2) 2009 ജനുവരി 21-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും സർക്കാരിൽനിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും യൂണിയൻ ഭാരവാഹികളിൽനിന്നും 2009 ഫെബ്രുവരി 4-ാം തീയതി തെളിവെടുപ്പ് നടത്തുകയുമുണ്ടായി. തദവസരത്തിൽ 1998-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റാണ് അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയ സമിതി ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷമാണോ പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും യോഗ്യതയുടെ അടിസ്ഥാനത്തിലല്ലേ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതെന്നും ആരാഞ്ഞതിന് സീനിയോറിറ്റി ലിസ്റ്റ് ഓരോ വർഷവും പ്രസിദ്ധീകരിക്കാത്തതിനാൽ ആയത് പുതുക്കി പ്രസിദ്ധീകരിക്കുന്നതിലേക്കായി (up-to-date ആക്കാൻ) സീനിയോറിറ്റി സെല്ലിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും നിശ്ചിത യോഗ്യതയിൽ ഇളവുനൽകി എൻ. എം. ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തതിനാൽ യോഗ്യതയില്ലാത്തവരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അങ്ങനെയുള്ളവരെ ഓപ്പറേറ്റർ വരെയുള്ള തസ്തികയിലേ നിയമിക്കാവൂ എന്ന് പ്രത്യേകമായി ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ അതിനു മുകളിലുള്ള തസ്തികയിലേക്കുള്ള അവരുടെ നിയമനവും നിയന്ത്രിക്കാൻ കഴിയാതെ വരുന്നുവെന്നും കേരള വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

4. ഓപ്പറേറ്റർ ജോലിക്ക് ജലസംസ്കരണം, ശുദ്ധീകരണം, വിതരണം എന്നിവയെ കുറിച്ച് അറിഞ്ഞിരിക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും എല്ലാ യോഗ്യത യോടുംകൂടി സർവ്വീസിൽ പ്രവേശിക്കുന്ന പല ജീവനക്കാർക്കും അതേ പോസ്റ്റിലിരുന്ന് വിരമിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും യൂണിയൻ ഭാരവാഹികൾ സമിതിയെ അറിയിച്ചു.

5. നിശ്ചിത യോഗ്യതയില്ലാത്ത എൻ.എം.ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തതിനാൽ യോഗ്യതയില്ലാത്തവർ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അങ്ങനെയുള്ള ഓപ്പറേറ്റർമാർ സീനിയറായി ഉള്ളതിനാൽ എല്ലാ യോഗ്യതകളോടുംകൂടി പി.എസ്.സി. വഴി സർവ്വീസിൽ പ്രവേശിക്കുന്ന ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ ലഭിക്കുക ബുദ്ധിമുട്ടാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

6. പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നതാണ് ചട്ടമെന്നും അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണ മെന്നും ആ വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

7. മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്) എന്ന തസ്തിക ചട്ടത്തിലില്ലെന്നും ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് ഗ്രേഡ് നൽകുകയാണെന്നും പ്രസ്തുത തസ്തികയിലുള്ള ജീവനക്കാർക്ക് അസി. എഞ്ചിനീയർക്ക് തുല്യമായ ശമ്പള സ്കെയിലാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ അറിയിച്ചു. മെക്കാനിക്കൽ

സൂപ്രണ്ട്, എ. ഇ. തസ്തികകൾ തുല്യമായിരുന്നുവെന്നും ശമ്പളപരിഷ്കരണത്തിൽ വന്ന അപാകതമൂലം മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡ് ആണ് ഇപ്പോൾ എ.ഇ. പോസ്റ്റിന് തുല്യമായിട്ട് നിൽക്കുന്നതെന്നും മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്) പ്രൊമോഷൻ പോസ്റ്റാണെന്നും എ. ഒ. സമിതിയെ അറിയിച്ചു. ഒരേ കാര്യംതന്നെ രണ്ട് രീതിയിൽ ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ട സമിതി വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ നികത്തുന്ന രീതി, സബ് റൂൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ സമിതിക്ക് നൽകണമെന്ന് വകുപ്പിനെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. കൂടാതെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ 2006-ൽ സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ നൽകിയത് അപാകതകൾ പരിഹരിക്കുന്നതിനായി തിരിച്ച് വകുപ്പിന് അയച്ചിട്ടുണ്ടെന്ന് സമിതി മനസിലാക്കി.

8. 4-2-2009-ൽ സമിതി ആരാഞ്ഞ അധികവിവരത്തിന് 10-5-2010-ൽ ലഭ്യമാക്കിയ മറുപടി (അനുബന്ധം-3) സമിതിയുടെ 22-9-2010-ലെ യോഗത്തിൽ പരിഗണിക്കുകയും മറുപടി അപൂർണ്ണവും അവ്യക്തവുമാണെന്ന് അഭിപ്രായപ്പെടുകയും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം 12-1-2011-ലെ 24902/സി1/10/ജ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമായ മറുപടി (അനുബന്ധം-4) 15-12-2011-ലെ യോഗത്തിൽ പരിഗണിച്ചു. ആയതിൽ നിലവിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് 14-10-1966-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 403 ഉത്തരവുപ്രകാരം 8-11-1966-ലെ ഗസറ്റ് വിജ്ഞാപനംവഴി പ്രാബല്യത്തിൽ കൊണ്ടുവന്നതാണെന്നും 1984-ന് മുൻപ് ഈ സ്ഥാപനം പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പ് എന്ന രീതിയിലായിരുന്നു പ്രവർത്തിച്ചതെന്നും ഓപ്പറേറ്ററിൽനിന്നും ഹെഡ് ഓപ്പറേറ്ററായി ഉദ്യോഗക്കയറ്റം നൽകുന്നത് 5:1 എന്ന റേഷ്യോയിലും ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് എന്നിവയിൽനിന്നും മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് 1:1 റേഷ്യോയിലാണ് പ്രൊമോഷൻ നൽകുന്നതെന്നും സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നശേഷം ഹെഡ് ഓപ്പറേറ്റർ, മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളോ മറ്റു രേഖകളോ പരിപാലിച്ച് പോരാത്തതിനാൽ കണക്കുകളൊന്നും ലഭ്യമല്ലെന്ന് നൽകിയ മറുപടിയും ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും സ്ഥാനക്കയറ്റംവഴി മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ടെങ്കിലും അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ തസ്തികയിലേക്ക് പ്രത്യേക ഒഴിവുകൾ നീക്കിവച്ചിട്ടില്ല എന്ന മറുപടിയിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

9. ജലവിഭവ വകുപ്പിൽനിന്നും രണ്ടുപ്രാവശ്യം ലഭിച്ച മറുപടിയിലും സമിതി അതൃപ്തി രേഖപ്പെടുത്തിയതിനു ശേഷവും ലഭ്യമാക്കിയ അധികവിവരത്തിനുള്ള മറുപടി തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും സമിതിയുടെ ഉദ്ദേശ്യത്തോട് സഹകരിക്കാത്ത നിലപാടാണ് ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട രേഖകളുമായി സമിതിയുടെ അടുത്ത തെളിവെടുപ്പുയോഗത്തിൽ ഹാജരാകണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാനും ആ വേളയിൽ സമിതി തീരുമാനിച്ചു.

10. അതേദിവസം യൂണിയൻ സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സബോർഡിനേറ്റ് സർവീസ് റൂൾസിനുപകരം ഇപ്പോൾ പരിഗണനയിലുള്ള ടെക്നിക്കൽ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർമാരുടെ യോഗ്യത താഴ്ത്തിയതായും പല തസ്തികകളുടെയും യോഗ്യത ഉയർത്തിയതായും 31-5-2008-ൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിലേക്കും പൂർണ്ണമായും പോസ്റ്റിംഗ് നടത്തിയെങ്കിലും വിരമിക്കൽമൂലമുണ്ടായ 5 മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക അപ്പോഴും ഒഴിഞ്ഞുകിടക്കുകയാണെന്നും കരട് സ്പെഷ്യൽ റൂൾസിന്റെ അപാകത പരിഹരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആയതിനുശേഷം 13-1-2012-ൽ വീണ്ടുമൊരു നിവേദനം സമർപ്പിക്കുകയും ആയതിൽ തെളിവെടുപ്പുസമയത്തു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടികൾക്ക് വിരുദ്ധമായാണ് കാര്യങ്ങൾ നടന്നു വരുന്നതെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്തിരുന്നു. വൈദ്യുതിപ്രധാനമായ ജോലിചെയ്യേണ്ട ഓപ്പറേറ്റർ തസ്തികയ്ക്ക് വൈദ്യുതിയുമായും പ്രസ്തുത ജോലിയുമായും ബന്ധമില്ലാത്ത ട്രേഡുകൾ പ്രവേശന തസ്തികയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പറഞ്ഞിരിക്കുന്നു. കൂടാതെ യൂണിയൻ 4-12-2012 തീയതിയായി സമർപ്പിച്ച പരാതിയിൽ ജല അതോറിറ്റി ടെക്നിക്കൽ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർ തസ്തികയ്ക്കും പ്രൊമോഷൻ ചാനലിനും ഒട്ടനവധി അപാകതകൾ ഉള്ളതായി ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാർ പുതുതായി കൊണ്ടുവരുന്ന ജല അതോറിറ്റി ടെക്നിക്കൽ സ്പെഷ്യൽ റൂൾസിൽ മെക്കാനിക്കൽ സൂപ്രണ്ടിനു ശേഷം പ്രൊമോഷൻ ചാനൽ സൂചിപ്പിച്ചിട്ടില്ലായെന്നും മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിരിക്കുന്ന യോഗ്യത ഏതെങ്കിലും ഡിഗ്രിയോ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമയോ ആയിരുന്നുവെന്നും എന്നാൽ കരടുചട്ടങ്ങളിൽ നേരിട്ടുള്ള നിയമനത്തെ കുറിച്ച് പരാമർശിച്ചിട്ടില്ലായെന്നും ആയതിനാൽ യോഗ്യതയിൽ ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എന്ന് ചേർക്കുകയും വേണമെന്നും മെക്കാനിക്കൽ സൂപ്രണ്ടിന് സമാന തസ്തികയായ മാസ്റ്റർ ഡ്രില്ലർ/ചീഫ് ഡ്രില്ലർ എന്നിവ അസി. എഞ്ചിനീയർ ആയി തസ്തികമാറ്റം ചെയ്യുവാൻ നിർദ്ദേശിക്കുന്നതിനാൽ ഹെഡ് ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ അവസരം പകുതിയായി കുറയുന്നുവെന്നും വ്യക്തമാക്കിയിരുന്നു. ആയതിനാൽ മെക്കാനിക്കൽ സൂപ്രണ്ടിനെയും അസിസ്റ്റന്റ് എഞ്ചിനീയറായി കൺവെർട്ട് ചെയ്യാനും പുതിയ ചട്ടങ്ങളിൽ ഓപ്പറേറ്റർമാരുടെ സമാന യോഗ്യതയുള്ളവർക്ക് സബ് എഞ്ചിനീയർ ആകാൻ അവസരം ലഭിക്കുന്നതുപോലെ ഓപ്പറേറ്റർമാരിൽനിന്നും സബ് എഞ്ചിനീയർ ആകുവാൻ ഹെഡ് ഓപ്പറേറ്റർ തസ്തിക സബ് എഞ്ചിനിയർ എന്ന് തസ്തികമാറ്റം ചെയ്യണമെന്നും നിവേദനത്തിൽ പറഞ്ഞിരിക്കുന്നു. കൂടാതെ 3-7-1999 തീയതിയിലെ ജി.ഒ.(പി) നമ്പർ 47/99/ഐ.ആർ.ഡി. ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥൻമാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും രേഖപ്പെടുത്തിയിരിക്കുന്നതിൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയറുടേതിന് തുല്യമായി വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നും അവർ ചൂണ്ടിക്കാണിച്ചു.

11. മേൽ സൂചിപ്പിച്ച പരാതിയിന്മേലും 12-1-2010-ലെ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയിൽ മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ തസ്തികയിൽ നിന്നും അസി. എക്സി. എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ചാനലിനെക്കുറിച്ച് വ്യക്തമാക്കാത്തതിന്റെ വിശദീകരണവും പരാതി നൽകിയവരിൽ നിന്നും 25-2-2013-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി വിശദീകരണം ആരായുകയുണ്ടായി.

12. 4-12-2012 തീയതിയായി സമർപ്പിച്ച പരാതിയിൽ ജല അതോറിറ്റി ടെക്നിക്കൽ സർവ്വീസ് കരട് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർ തസ്തികയ്ക്കും പ്രൊമോഷൻ ചാനലിനും ഒട്ടനവധി അപാകതകൾ ഉള്ളതായി ചൂണ്ടിക്കാട്ടിയിരുന്നു. കരട് സ്പെഷ്യൽ റൂൾസ് സമിതിയുടെ പരിഗണനയിൽപ്പെടുന്ന വിഷയമല്ലായെന്നതിനാൽ 4-12-2012 ദിവസത്തെ പരാതിയിൽ പറഞ്ഞിരിക്കുന്ന കരട് സ്പെഷ്യൽ റൂൾസിലെ വിഷയം പരിഗണിക്കേണ്ടതില്ലായെന്ന് സമിതി തീരുമാനിച്ചു. ആയതിനുശേഷം പരാതിക്കാരിൽ നിന്ന് വിശദീകരണം ആരായുകയുണ്ടായി.

13. കേരള വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള 1979-ലെ ടെക്നിക്കൽ സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്ററുടെ നേരിട്ടുള്ള നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഐ.ടി.ഐ. (ഇലക്ട്രീഷ്യൻ/മോട്ടോർ മെക്കാനിക്)-ഉം മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ മെക്കാനിക്കൽ എഞ്ചിനീയറിംഗും ബൈ പ്രൊമോഷനാണെങ്കിൽ ഐ.ടി.ഐ.-യും അങ്ങനെയുള്ളവരുടെ അഭാവത്തിൽ യാതൊരു അടിസ്ഥാനയോഗ്യതയും ഇല്ലാത്തവർക്കും ആകാമെന്നും ഓപ്പറേറ്റർ തസ്തികയുടെ പ്രൊമോഷൻ ചാനൽ ഓപ്പറേറ്റർ-ഹെഡ് ഓപ്പറേറ്റർ-മെക്കാനിക്കൽ സൂപ്രണ്ട്-മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്)-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന രീതിയിലാണെന്നും നിലവിൽ ഹെഡ് ഓപ്പറേറ്ററായി പ്രൊമോഷൻ നൽകുന്നതും മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ നൽകുന്നതും യാതൊരു അടിസ്ഥാനയോഗ്യതയും ഇല്ലാത്തവർക്കായതിനാൽ 1979-ലെ സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴി ഓപ്പറേറ്ററായി നിയമനം ലഭിച്ചവർക്ക് അതിന്റെ പ്രൊമോഷൻ പോസ്റ്റായ മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക കിട്ടാതെ പോകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത് എന്നതിനാൽ റൂളിലെ അപാകത പരിഹരിക്കണമെന്നതാണ് തങ്ങളുടെ ആവശ്യമെന്ന് കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് സ്റ്റാഫ് ഓപ്പറേറ്റിംഗ് യൂണിയൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. സമിതിയുടെ മുൻ തെളിവെടുപ്പുയോഗങ്ങളിൽ ഇതേ ആവശ്യം ഉന്നയിച്ചപ്പോൾ പുതിയ ചട്ടങ്ങൾ വരുമ്പോൾ ഇതിന് പരിഹാരമുണ്ടാകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ആദ്യമിറങ്ങിയ കരടുചട്ടങ്ങളിൽ ഓപ്പറേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ ഇലക്ട്രിക്കലിനുപകരം ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) എന്ന ഒരു ക്ലറിക്കൽ മിസ്റ്റേക്കായിരുന്നത് രണ്ടാമതിറങ്ങിയ കരടുചട്ടങ്ങളിൽ കെ.ജി.സി.ഇ. വരെ ഉൾപ്പെടുത്തി താഴ്ത്തുകയാണ് ചെയ്തതെന്നും ഹെഡ് ഓപ്പറേറ്ററിന്റെയും മെക്കാനിക്കൽ സൂപ്രണ്ടിന്റെയും യോഗ്യത സംബന്ധിച്ച് പുതിയ കരടുചട്ടങ്ങളിൽ പറയാത്തതുകൊണ്ട് ഓപ്പറേറ്റർമാർക്ക് നിലവിലുള്ളതിനെക്കാളും പ്രൊമോഷൻ സാധ്യത ഇല്ലാതാക്കുന്ന രീതിയിലുള്ള ചട്ടമായിരിക്കും നിലവിൽ വരുന്നതെന്നും ആയതിനാൽ ചട്ടങ്ങളിലെ അപാകത പരിഹരിക്കണമെന്നും സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

14. വാട്ടർ അതോറിറ്റിയിൽ താൽക്കാലികമായി ജോലിചെയ്ത് 179 ദിവസം പൂർത്തിയാക്കിയ പ്യൂൺ, ഓപ്പറേറ്റർ, പ്ലമ്പർ, ഫിറ്റർ തുടങ്ങിയ ഏതു തസ്തികകളിൽപ്പെട്ടവരായാലും അവരെ റെഗുലറൈസ് ചെയ്യണമെന്ന 1990-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1994-ൽ KWA-ൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ യോഗ്യതയിലും വയസ്സിലും ഇളവുനൽകി റഗുലറൈസ് ചെയ്തുവെന്നും പ്രൊമോഷന്റെ കാര്യത്തിലും അത് തുടരണമെന്ന് ഹൈക്കോടതി വിധിയിൽ പറയുന്നുണ്ടെങ്കിലും യോഗ്യതയില്ലാത്തവർക്ക് പ്രൊമോഷൻ നൽകുന്നതിനെതിരെ കോടതിയിൽ പോകാൻ

സാധിക്കില്ലായെന്നും അതിനെക്കുറിച്ച് വിശദമായി പഠിച്ചതാണെന്നും വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിന്റെ പേരിൽ ഭാവിയിൽവരുന്ന പ്രൊമോഷൻ തടസ്സപ്പെടുത്താൻ പാടില്ലായെന്നതു സംബന്ധിച്ച് ധാരാളം ഹൈക്കോടതി വിധികളുണ്ടെന്നും ഇത്തരത്തിൽ പ്രൊമോഷൻവഴി വന്നിട്ടുളള അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇപ്പോൾ ജോലിയിൽ ഇല്ലായെന്നും ജലവിഭവ വകുപ്പ് എം.ഡി. വ്യക്തമാക്കി. എന്നാൽ പുതുതായി ജോലിയിൽ എടുക്കുന്നവരെ നിയമാനുസൃതം തന്നെയാണ് എടുക്കേണ്ടതെന്നും താൽക്കാലികമായി എടുത്ത് സ്ഥിരപ്പെടുത്തുന്നത് ശരിയായ കീഴ്‍വഴക്കമല്ലെന്നും OP No. 2885/1992 നമ്പർ കേസിൽ ഹൈക്കോടതി വിധിയുള്ളതായി സമിതി മനസ്സിലാക്കുന്നു. (Relevant portion of the Judgment reads as follows: “The Water Authority is bound to follow the Special Rules unless otherwise ordered under Authority of Law.”)

15. ഓപ്പറേറ്ററിൽനിന്നും മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ കൊടുക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഓപ്പറേറ്ററിൽനിന്നും ഹെഡ് ഓപ്പറേറ്ററായും മെക്കാനിക്കൽ സൂപ്രണ്ടായും പ്രൊമോഷൻ നൽകുന്നുണ്ടെന്നും മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് ഡിഗ്രിയോ ഡിപ്ളോമയോ ഉണ്ടായിരിക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി എം.ഡി. വ്യക്തമാക്കി. കൂടാതെ, 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികയിൽ 3 എണ്ണം ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ പോസ്റ്റും ബാക്കി 3-ൽ ഒരെണ്ണം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനവും രണ്ടാമത്തേത് ഡ്രില്ലറായി ജോലിയിൽ പ്രവേശിച്ചവരുടെ പ്രൊമോഷൻ പോസ്റ്റും ആണെന്നും ഇതുമല്ലെങ്കിൽ 6-ാം ക്ലാസ് പാസ്സായ പമ്പിംഗ് എക്സ്പീരിയൻസ് ഉള്ളവരെ പ്രൊമോട്ട് ചെയ്യണമെന്നുമാണെന്നും വിശദീകരണം നൽകി. ഇത് സ്പെഷ്യൽ റൂൾസിൽ പരാമർശിക്കുന്നതുപോലെയല്ല എന്ന് സമിതിക്ക് മനസിലായി. (അനുബന്ധം 5—സ്പെഷ്യൽ റൂൾസിന്റെ പ്രസക്തഭാഗം)

16. മെക്കാനിക്കൽ സൂപ്രണ്ടിൽനിന്നും എ.ഇ. ആയി പ്രൊമോഷൻ നൽകാത്തതിന്റെ കാരണം ആരാഞ്ഞ സമിതിയോട് എ.ഇ.-ക്കുള്ള ചട്ടങ്ങൾ ഇല്ലാത്തതിനാലാണ് എന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അറിയിച്ചു. ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് എന്ന തസ്തികയിൽ നിലവിൽ ആരെങ്കിലും സേവനം അനുഷ്ഠിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പരിശോധിച്ച് വിവരം നൽകാമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് തസ്തികയിലേക്ക് 1993-നുശേഷം നിയമനം നടത്തിയിട്ടില്ലെന്നും നിയമനം നിർത്തലാക്കുന്നതിനുമുമ്പ് നിയമനം നേടിയവർ ഉള്ളതിനാൽ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ നൽകേണ്ടിവരുമെന്നും അവർ തുടർന്ന് വിശദീകരിച്ചു.

17. സ്പെഷ്യൽ റൂൾസിലെ [G.O.(P) 403 dated 14-10-1966] 2-ാം കാറ്റഗറിയായി ചേർത്തിട്ടുള്ളത് Mechanical Superintendent/Chief Mechanical Foreman/Chief Driller and Master Driller എന്ന തസ്തികയാണെന്നും ഈ സമാന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നത് 3-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Driller/Driller Mechanic എന്ന തസ്തികയിൽനിന്നും 11-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Head Shift Operator/ Head Operator എന്ന തസ്തികയിൽനിന്നും 1:1 റേഷ്യോ പ്രകാരമാണെന്നും സമിതിക്ക് ബോദ്ധ്യമായി. സ്പെഷ്യൽ റൂൾസിലെ [G.O.(P) 612 dated 16-9-1960] 4-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Assistant Engineers including Driller Engineer

and Personal Assistant to Superintending Engineer എന്ന തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ [G.O.(P) 403 dated 14-10-1966] 2-ാം കാറ്റഗറിയായി ചേർത്തിട്ടുള്ളവരും ഉൾപ്പെടുമെന്നും സമിതി മനസ്സിലാക്കി. കൂടാതെ ഡ്രില്ലർ തസ്തികയിൽ ആളില്ലാതെ വന്നതിനാൽ മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും പ്രൊമോഷൻ കൊടുക്കാമെന്ന് ഹൈക്കോടതി വിധിയുണ്ടെന്നും (O.P. 1034/93 and 3298/93) സമിതിക്ക് ബോദ്ധ്യപ്പെട്ടു.

18. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിലവിലുള്ള 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികകളിലേക്കും പ്രൊമോഷൻ നൽകി സമിതിയെ അറിയിക്കണമെന്നും സമിതിയുടെ ചോദ്യാവലിക്ക് ഉത്തരം എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

19. ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് 1998-ൽ തയ്യാറാക്കിയത് സമിതിയുടെ 4-2-2009-ലെ യോഗത്തിനു ശേഷം 12 വർഷത്തിനുശേഷം 2010-ൽ മാത്രമാണ് പുതുക്കിയത് എന്ന് സമിതി കണ്ടെത്തി. എന്നാൽ ഒട്ടനവധി അപാകതകൾ പ്രസ്തുത ലിസ്റ്റിൽ കടന്നുകൂടിയിട്ടുള്ള സാഹചര്യത്തിൽ ആയത് അപാകതകൾ പരിഹരിച്ച് പുതുക്കി പ്രസിദ്ധീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

20. തുടർന്ന്, കരടുചട്ടങ്ങളിൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തിക എ.ഇ. ആയി മാറ്റാതിരിക്കുകയും മാസ്റ്റർ ഡ്രില്ലർ തസ്തിക എ.ഇ. ആയി കൺവെർട്ട് ചെയ്യുകയും വേണമെന്ന ശിപാർശ സംബന്ധിച്ച് ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ പരാതി ഉന്നയിച്ചു. നിലവിലുള്ള മാസ്റ്റർ ഡ്രില്ലർ തസ്തിക എ.ഇ. ആയി കൺവെർട്ട് ചെയ്യുന്നത് വഴി 3 തസ്തികകൾ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്നും അവർ സൂചിപ്പിച്ചു. നിലവിലുള്ള മാസ്റ്റർ ഡ്രില്ലർ തസ്തികകൾ സമാന തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ടായി മാറ്റണമെന്നും കരട് റൂളിൽ മാസ്റ്റർ ഡ്രില്ലർ തസ്തികയുടെ സമാന തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികയും എ.ഇ. ആയി കൺവെർട്ട് ചെയ്യുകയും ചെയ്താൽ ഈ തസ്തികകളിലെ പ്രൊമോഷൻ സാദ്ധ്യതയ്ക്ക് കോട്ടംതട്ടാത്ത രീതിയിൽ കൈകാര്യം ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

21. തുടർന്ന് സമിതി 25-2-2013-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി (അനുബന്ധം-6) 20-9-2013-ൽ പരിഗണിക്കുകയും പ്രസ്തുത മറുപടിയിലും വിരുദ്ധമായ മറുപടികൾ ഉണ്ടെന്ന് ബോദ്ധ്യമായതിനെത്തുടർന്ന് 1-10-2013-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയിൽനിന്നും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ഉണ്ടായി. അപ്പോഴും മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിൽ 4 എണ്ണത്തിൽ മാത്രമേ നിയമനം നടന്നിട്ടുള്ളൂവെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. സമിതിക്ക് 25-2-2013-ൽ നൽകിയ ഉറപ്പ് ഇതുവരെയും പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയിലെ 25 ശതമാനത്തോളം വരുന്ന ജീവനക്കാരായ ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ പോസ്റ്റായ ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ സമയത്ത് നൽകാത്തത് ആ വിഭാഗത്തോടുള്ള കടുത്ത അനീതിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ആയതിനാൽ സ്പെഷ്യൽ റൂൾസ് [G.O.(P) 403 dated 14-10-1966] അനുശാസിക്കുന്ന പ്രകാരവും ഡ്രില്ലർ തസ്തികയിൽ ആളില്ലാതെ വന്നതിനാൽ മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും പ്രൊമോഷൻ കൊടുക്കാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിലേക്കുമുള്ള പ്രൊമോഷൻ താമസംവിനാ നടത്തണമെന്നും ആയത് സംബന്ധിച്ച വിവരം സമിതിയെ രണ്ട് മാസത്തിനുള്ളിൽ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

22. 2005-ൽ സമിതിക്ക് ലഭിച്ച പരാതിയിൻമേൽ നിരവധി തെളിവെടുപ്പുകൾ നടത്തിയിട്ടും നിഷേധാത്മകമായ നിലപാടാണ് ഉദ്യോഗസ്ഥർ കൈക്കൊള്ളുന്നതെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സത്വരനടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

23. സമിതിയുടെ 25-2-2013-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടപ്രകാരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് 2013 ഏപ്രിൽ മാസത്തിൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിനു ശേഷം അതിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അവസരം നൽകിയതിനുശേഷം രണ്ടാമത് ഒന്നുകൂടി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിലെയും തെറ്റുകൾ തിരുത്തിയതിനുശേഷം ഒക്ടോബർ മാസം 10-ാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. 1998-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിനുശേഷം സമിതിയുടെ ഇടപെടൽമൂലമാണ് രണ്ടു പ്രാവശ്യവും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതെന്നും സമിതി മനസ്സിലാക്കുന്നു. പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നതാണ് ചട്ടമെന്നും സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ എങ്ങനെയാണ് പ്രൊമോഷൻ നൽകുന്നതെന്നതിലും സമിതിക്ക് ആശങ്കയുണ്ട്. 25 വർഷത്തിൽ കൂടുതൽ സർവീസുള്ള പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർ അതേ തസ്തികയിൽ ഇരുന്ന് വിരമിക്കേണ്ട അവസ്ഥയാണ് ഇന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയത്തെ ബന്ധപ്പെട്ട ജീവനക്കാർ വളരെ ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നതെന്ന് സമിതിക്ക് അഭിപ്രായമുണ്ട്.

24. ആയതിനാൽ, സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിന്റെ പകർപ്പ് സമിതിക്ക് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

25. ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കിയ ചോദ്യാവലിക്കുള്ള മറുപടിയിൽ മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് KPHESS സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ള Mechanical Superintendent/Master Driller-മാരെ Diploma Assistant Engineer-മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ചേർത്ത് ആ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും ഈ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഇതുവരെ മെക്കാനിക്കൽ സൂപ്രണ്ടിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ആർക്കും ഉദ്യോഗക്കയറ്റം ലഭിച്ചതായി കാണുന്നില്ലായെന്നും പ്രൊമോഷൻ

ചാനൽ വ്യക്തമാക്കിയപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ചേർക്കാൻ വിട്ടുപോയതാണെന്നും ആണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഓപ്പറേറ്റർ ആയി സർവ്വീസിൽ കയറിയ ശ്രീ. ഇബ്രാഹീംകുട്ടി എന്ന ഹെഡ് ഓപ്പറേറ്റർ തുടർന്ന് മാസ്റ്റർ ഡ്രില്ലറായി ആലപ്പുഴയിൽ ജോലിചെയ്യുകയും പിന്നീട് തിരുവല്ലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിക്കുകയും ചെയ്തതായി സമിതിക്ക് വ്യക്തമായ തെളിവ് കിട്ടിയിട്ടുണ്ടെന്നും പിന്നെയെന്തിനാണ് സമിതിക്ക് തെറ്റായ ഉത്തരം നൽകിയ തെന്നും സമിതി ആരാഞ്ഞതിന് ഈ വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും 6 പേരുടെ സീനിയോറിറ്റി എടുത്തസമയത്ത് ഇതിന് ഹയർ ഗ്രേഡ് അനുവദിച്ച് കിട്ടാൻ ശ്രമം നടത്തിയെന്നും അപ്പോൾ അടുത്തയാളിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ കിട്ടിയതാകാമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഇത് സംബന്ധിച്ച് ശരിയായ റിപ്പോർട്ട് സമിതിക്ക് നൽകാമെന്ന് അദ്ദേഹം തുടർന്നറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സമിതിക്ക് വ്യക്തമായ ഉത്തരം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

26. മാസ്റ്റർ ഡ്രില്ലർ/ചീഫ് ഡ്രില്ലർ/മെക്കാനിക്കൽ സൂപ്രണ്ട് എന്നിവ സമാന തസ്തികകളാണ്. മൂന്ന് മാസ്റ്റർ ഡ്രില്ലർ തസ്തികകൾ മെക്കാനിക്കൽ സൂപ്രണ്ടായി കൺവെർട്ട് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി എം.ഡി. നൽകിയ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ് എന്ന മറുപടിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ ഡബ്ള്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്നപ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ സമയബന്ധിതമായി നടപ്പാക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.